"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാള ബ്ലോക്ക് പഞ്ചായത്ത് - SGSY ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിജ്ഞാന വ്യാപാര കേന്ദ്രം-കം-അഗ്രോ ക്ലിനിക് കെട്ടിടത്തിലെ കടമുറികൾ വാടകരഹിതമായി പ്രവർത്തിച്ച കാലയളവ് ക്രമീകരിച്ചുകൊണ്ടും, തുടർന്ന് വാടക ഈടാക്കിക്കൊണ്ട് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.587/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 25/02/2021

---

പരാമർശം:- 1. 36250/ഡിഡി.3/തസ്വഭവ തീയതി 25.07.2011 നമ്പർ സർക്കാർ കത്ത്.

2. 40439/ഡിഡി.3/തസ്വഭവ തീയതി 04.08.2011 നമ്പർ സർക്കാർ കത്ത്.

3. 54978/ഡിഡി.3/തസ്വ.ഭ.വ തീയതി 03.09.2013 നമ്പർ സർക്കാർ കത്ത്.

4. ഗ്രാമവികസന കമ്മീഷണറുടെ 05.08.2019-ലെ 18310/ഡി.പി.1/13/ സിആർഡി നമ്പർ കത്ത്.

5. ഗ്രാമവികസന കമ്മീഷണറുടെ 03.02.2020-ലെ 18310/ഡി.പി.1/13/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

മാള ബ്ലോക്ക് പഞ്ചായത്ത് SGSY ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിജ്ഞാന വ്യാപാര കേന്ദ്രം-കം-അഗ്രോ ക്ലിനിക് കെട്ടിടത്തിന്റെ 1 4 മുറികൾ 02.09.2011 മുതൽ 01.09.2015 വരെയുള്ള കാലയളവിലേക്ക് താൽക്കാലികമായി കൺസ്യൂമർ ഫെഡിന്റെ ത്രിവേണി മെഗാ സൂപ്പർ മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതിന് വാടക രഹിതമായി വിട്ടു നൽകുന്നതിന് സൂചന (1), (2), (3) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2) ത്രിവേണി സൂപ്പർ മാർക്കറ്റിനു വാടക രഹിതമായി പ്രവർത്തിക്കുന്നതിനുള്ള കാലാവധി 01.09.2015-ൽ അവസാനിക്കുകയും, മേൽ 14 മുറികളിൽ ഉപയോഗമില്ലാതെ കിടന്നിരുന്ന 6 മുറികൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന MKSP പദ്ധതിയുടെ ഓഫീസ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ ആരംഭിക്കുന്നതിനു അടിയന്തിര സൗകര്യം ഒരുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് ഒഴിഞ്ഞു നൽകുകയും, ബാക്കി 8 മുറികളിൽ ത്രിവേണി സൂപ്പർ മാർക്കറ്റ് തുടർന്നും വാടകരഹിതമായി തന്നെ പ്രവർത്തിക്കുകയും ഉണ്ടായി.

3) മേൽ പരാമർശിത കെട്ടിടം, വിഭാവനം ചെയ്ത അനുയോജ്യമായ പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുകയോ അല്ലാത്ത പക്ഷം സർക്കാർ അനുമതിയോട് കൂടി വാടക ഈടാക്കി മറ്റ് ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് C&AG ഓഡിറ്റ് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ത്രിവേണി സൂപ്പർ മാർക്കറ്റിനു നൽകിയ 8 മുറികൾ 2015 മുതൽ വാടക രഹിതമായി പ്രവർത്തിക്കുന്നത് ക്രമീകരിച്ച നൽകുന്നതിനും, തുടർന്ന് വാടക ഈടാക്കി നൽകുന്നതിനും, ബാക്കിയുള്ള 6 മുറികൾ കൂടി വാടക ഈടാക്കി മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കുന്നതിനും അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി. കൂടാതെ ത്രിവേണി സൂപ്പർ മാർക്കറ്റിനു നൽകിയ 8 കടമുറികൾ വാടകരഹിതമായി പ്രവർത്തിച്ച കാലയളവ് 01.09.2015 മുതൽ 20.11.2019 എന്ന് നിശ്ചയിച്ചുകൊണ്ട് ക്രമീകരിച്ചു നൽകാവുന്നതാണെന്നും, പ്രസ്തുത 8 കടമുറികൾ 21.11.2019 മുതൽ വാടക ഈടാക്കുവാൻ അനുമതി നൽകാവുന്നതാണെന്നും സൂചന (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ നിർദേശിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ത്രിവേണി സൂപ്പർ മാർക്കറ്റിനു വാടക രഹിതമായി പ്രവർത്തിക്കുന്നതിനുള്ള കാലാവധി 01.09.2015-ൽ അവസാനിച്ചിരുന്നുവെങ്കിലും, തുടർന്നും വാടകരഹിതമായി പ്രവർത്തിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നേടിയിരുന്നില്ല. 28.11.2018-ലെ മാള ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം 10,793/- രൂപ പ്രതിമാസ വാടക നൽകാൻ ആവശ്യപ്പെട്ട് ത്രിവേണിക്ക് കത്ത് നൽകിയിരുന്നു. ഏരിയ അളന്ന് തിട്ടപ്പെടുത്തി 13,548/- രൂപ വാടക പുതുക്കി നിശ്ചയിച്ച് ത്രിവേണിക്ക് വീണ്ടും കത്ത് നൽകുകയും, 28.12.2019-ൽ രേഖാമൂലം കൺസ്യൂമർ ഫെഡിനെ അറിയിക്കുകയും ചെയ്തു. ഇത്രയും വാടക നൽകി പ്രവർത്തിക്കാൻ ബുദ്ധിമുട്ടാണെന്നും 3,500/- രൂപ വാടകയിൽ പ്രവർത്തിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് കൺസ്യൂമർ ഫെഡ് കത്ത് നൽകിയെങ്കിലും, ടി തുക തീരെ കുറവാണെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ വാടകയായി 5000/- രൂപ നൽകാമെന്ന് കൺസ്യൂമർഫെഡ് അറിയിച്ചിട്ടുണ്ട്.

5) ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടംകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന് ഒരു വരുമാനവും ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. കെട്ടിട നിർമ്മാണം കൊണ്ട് വിഭാവനം ചെയ്ത അനുയോജ്യമായ പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുകയോ അല്ലാത്ത പക്ഷം സർക്കാർ അനുമതിയോട് കൂടി വാടക ഈടാക്കി മറ്റ് ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് C&AG ഓഡിറ്റ് നിർദേശിച്ചിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ, പരാമർശ കെട്ടിടത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനും, അതിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുമായി ചുവടെ പറയും പ്രകാരം അനുമതികൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i.ത്രിവേണി സൂപ്പർ മാർക്കറ്റിനു നൽകിയ 8 കടമുറികൾ വാടകരഹിതമായി പ്രവർത്തിച്ച 01.09.2015 മുതൽ 20.11.2019 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകുന്നു. പ്രസ്തുത 8 കടമുറികൾക്ക് 21.11.2019 മുതൽ വാടക ഈടാക്കുന്നതിന് അനുമതി നൽകുന്നു.

ii.ബാക്കിയുള്ള 6 മുറികൾ വാടക ഈടാക്കി മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

6) മേൽ ഉത്തരവുകൾ സമയബന്ധിതമായി നടപ്പാക്കേണ്ടതും ആയതു സംബന്ധിച്ച നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ പി എൻ**
**അണ്ടർ സെക്രട്ടറി**

പകർപ്പ് :ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, മാള ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.[illegible] 16:27:43 IST
Reason: Approved

**സെക്ഷൻ ഓഫീസർ**